REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 13-09-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- ലോകത്തെ ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥയായി ഇന്ത്യയെ മാറ്റുന്നതിൽ വ്യോമയാന മേഖല പ്രധാന പങ്ക് വഹിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.
- അന്തരിച്ച മുതിർന്ന കമ്മ്യൂണിസ്റ്റ് നേതാവും CPIM ജനറൽ സെക്രട്ടറിയുമായ സീതാറാം യേച്ചൂരിയുടെ ഭൗതികദേഹം നാളെ ഡൽഹിയിലെ AKG ഭവനിലെ പൊതുദർശനത്തിന് ശേഷം എയിംസിന് കൈമാറും.
- കേരളം വ്യവസായത്തിനു പറ്റിയ സ്ഥലമല്ല എന്ന . പ്രചാരണം തള്ളുന്നതാണ് ദേശീയതലത്തിൽ സംസ്ഥാനത്തിനു അടുത്തിടെ ലഭിച്ച ഒന്നാം നമ്പർ പദവി എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- രജിസ്ട്രേഷൻ, റവന്യൂ, സർവേ വകുപ്പുകളുടെ പോർട്ടലുകൾ സംയോജിപ്പിച്ച് എന്റെ ഭൂമി എന്ന ഇന്റഗ്രേറ്റഡ് പോർട്ടൽ അടുത്ത മാസം നടപ്പാക്കുമെന്ന് മന്ത്രി K രാജൻ
- സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും വാർഡുകളുടെ എണ്ണം പുനർ നിശ്ചയിച്ചു. മുനിസിപ്പാലിറ്റികളിൽ 128 വാർഡുകളും, കോർപ്പറേഷനുകളിൽ ഏഴ് വാർഡുകളും വർദ്ധിക്കും.
- ISL ഫുട്ബോൾ പതിനൊന്നാം സീസണ് കൊൽക്കത്തയിൽ ഇന്ന് തുടക്കം

# വാർത്തകൾ വിശദമായി

ലോകത്തെ ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥയായി ഇന്ത്യയെ മാറ്റുന്നതിൽ വ്യോമയാന മേഖല പ്രധാന പങ്ക് വഹിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ആളുകളെയും സംസ്കാരത്തെയും സമൃദ്ധിയെയും ബന്ധിപ്പിക്കുന്നതിനാണ് വ്യോമയാന മേഖലയിലൂടെ ഗവൺമെന്റ് പ്രവർത്തിക്കുന്നതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

ന്യൂഡൽഹിയിൽ സിവിൽ ഏവിയേഷനെക്കുറിച്ച് ഏഷ്യ-പസഫിക് മന്ത്രിതല സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.......വോയിസ്......

രാജ്യത്തെ വ്യോമയാന മേഖല ശ്രദ്ധേയമായ പരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണെന്നും അത് പൗരന്മാർക്ക് യാത്രാ സൗകര്യവും കണക്റ്റിവിറ്റിയും വർദ്ധിപ്പിക്കുന്നുവെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ഇന്ത്യയിൽ സിവിൽ ഏവിയേഷൻ മേഖലയുടെ വളർച്ച അഭൂതപൂർവമാണെന്നും വർധിച്ചുവരുന്ന മധ്യവർഗ വിഭാഗമാണ് ഈ മേഖലയുടെ പുരോഗതിക്ക് പിന്നിലെ പ്രേരകശക്തികളെന്നും പ്രധാനമന്ത്രി പറഞ്ഞു.

ഒരു ദശാബ്ദത്തിനുള്ളിൽ വലിയ മാറ്റമാണ് വ്യോമയാന രംഗത്ത് ഉണ്ടായത്.

വിപുലമായ എയർ മൊബിലിറ്റിക്കായി ഗവൺമെന്റ് രാജ്യത്തെ ഒരുക്കുകയാണ്. എയർ-ടാക്സി യാത്ര യാഥാർത്ഥ്യമാകുന്ന ദിവസം വിദൂരമല്ലെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

മേഖലയിലെ വ്യോമയാന രംഗത്തെ പുതിയ ഉയരങ്ങളിലേക്ക് ഉയർത്തുന്നതിന് ദർശനപരമായ മാർഗരേഖയാണ് ഡൽഹി പ്രഖ്യാപനമെന്നും എല്ലാ അംഗരാജ്യങ്ങളും അത് അംഗീകരിച്ചതായും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

ഡൽഹിയിലെ എയിംസിൽ ഇന്നലെ അന്തരിച്ച മുതിർന്ന കമ്മ്യൂണിസ്റ്റ് നേതാവും CPIM ജനറൽ സെക്രട്ടറിയുമായ സീതാറാം യെച്ചൂരിയുടെ ഭൗതിക ദേഹം വൈകിട്ട് ആറിന് ഡൽഹി വസന്ത് കുഞ്ജിലെ വീട്ടിലേക്കു കൊണ്ടുപോകും. നാളെ രാവിലെ പതിനൊന്നു മുതൽ വൈകിട്ട് മൂന്ന് വരെ CPIM കേന്ദ്ര കമ്മിറ്റി ഓഫീസായ AKG ഭവനിൽ പൊതു ദർശനത്തിന് വയ്ക്കും.

അതിനുശേഷം യെച്ചൂരിയുടെ ആഗ്രഹ പ്രകാരം മൃതദേഹം മെഡിക്കൽ പഠനത്തിനായി എയിംസിന് കൈമാറും.

ശ്വാസകോശ സംബന്ധമായ അസുഖത്തെ തുടർന്നായിരുന്നു എഴുപത്തിരണ്ടുകാരനായ അദ്ദേഹത്തിന്റെ അന്ത്യം.

യെച്ചൂരിയുടെ നിര്യാണത്തിൽ രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും മുഖ്യമന്ത്രിയുമുൾപ്പെടെ ഒട്ടേറെ നേതാക്കൾ അനുശോചനം അറിയിച്ചു. ആദ്യം വിദ്യാർത്ഥി നേതാവെന്ന നിലയിലും പിന്നീട് ദേശീയ രാഷ്ട്രീയത്തിലും പാർലിമെന്റേറിയൻ എന്ന നിലയിലും യെച്ചൂരിയുടേത് വേറിട്ട സ്വാധീന ശബ്ദമായിരുന്നു എന്ന് രാഷ്ട്രപതി ദ്രൗപതി മുർമു സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

അഞ്ചു പതിറ്റാണ്ട് നീണ്ട യെച്ചൂരിയുടെ രാഷ്ട്രീയ ജീവിതം ഇന്ത്യൻ ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്ന സംഭാവനകളാൽ അടയാളപ്പെടുത്തിയതാണെന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻഖർ പറഞ്ഞു.

ഇന്ത്യൻ ഇടതുപക്ഷത്തിന്റെ മുൻ നിര വെളിച്ചമായ സീതാറാം യെച്ചൂരി ഫലപ്രദമായ പാർലമെന്ററിയൻ എന്ന നിലയിൽ വ്യക്തി മുദ്ര പതിപ്പിച്ച നേതാവായിരുന്നു എന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

രാജ്യത്തെക്കുറിച്ചു ആഴമേറിയ കാഴ്ചപ്പാട് പുലർത്തിയ യെച്ചൂരി ഇന്ത്യ എന്ന ആശയത്തിന്റെ സംരക്ഷകനായിരുന്നു എന്ന് പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി പറഞ്ഞു.

യെച്ചൂരിയുടെ അർപ്പണ ബോധത്തോട് കൂടിയ പൊതു ജനസേവനവും രാജ്യത്തിന് നൽകിയ മഹത്തായ സംഭാവനയും എന്നും ഓർമ്മിക്കപ്പെടുമെന്ന് BJP അധ്യക്ഷൻ JP നദ്ദ പറഞ്ഞു. യെച്ചൂരി വിനയാന്വിതനായ നേതാവായിരുന്നുവെന്ന് കോൺഗ്രസ്സ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ അനുശോചന സന്ദേശത്തിൽ അറിയിച്ചു.ഇന്ത്യൻ ഇടതുപക്ഷത്തിന്റെ ഏറ്റവും മികച്ച നേതാക്കളിൽ ഒരാളായിരുന്നു യെച്ചൂരിയെന്ന് CPI ജനറൽ സെക്രട്ടറി D രാജ പറഞ്ഞു.

✪✪✪

കേരളം വ്യവസായത്തിനു പറ്റിയ സ്ഥലമല്ല എന്ന തെറ്റിദ്ധാരണ പരത്തുന്ന പ്രചാരണത്തെ തള്ളുന്നതാണ് ദേശീയതലത്തിൽ സംസ്ഥാനത്തിനു അടുത്തിടെ ലഭിച്ച ഒന്നാംനമ്പർ പദവി എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

കാക്കനാട് കിൻഫ്ര പാർക്കിൽ ആരംഭിച്ച സ്വകാര്യ കമ്പനിയുടെ രണ്ടാമത്തെ മെഡിക്കൽ ഉപകരണ നിർമാണ യൂണിറ്റിന്റെ ഉദ്ഘാടനം കൊച്ചിയിൽ

നിർവഹിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തിനും ലോകത്തിനും മുതൽക്കൂട്ടാകുന്ന വ്യവസായങ്ങൾ സംസ്ഥാനത്തേക്ക് വന്നു കൊണ്ടിരിക്കുകയാണ് എന്നും മുഖ്യമന്ത്രി പറഞ്ഞു.

ന്യൂറോളജി, ഹൃദയം, കാൻസർ, ശ്വാസകോശ രോഗങ്ങളുടെ നിർണയത്തിനു സഹായകരമായ ഉപകരണങ്ങളും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

✪✪✪

രജിസ്ട്രേഷൻ വകുപ്പിന്റെ പേൾ, റവന്യൂ വകുപ്പിന്റെ റെലിസ്, സർവേ വകുപ്പിന്റെ ഇ മാപ്പ് എന്നീ പോർട്ടലുകൾ സംയോജിപ്പിച്ച് രാജ്യത്ത് ആദ്യമായി എന്റെ ഭൂമി എന്ന സംയോജിത പോർട്ടൽ അടുത്തമാസം നടപ്പാക്കുമെന്ന് മന്ത്രി K. രാജൻ അറിയിച്ചു. കളമശേരിയിൽ പട്ടയമേളയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. ഇതിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഭൂമിയുമായി ബന്ധപ്പെട്ട ക്രയവിക്രയങ്ങളിലുണ്ടാകുന്ന തെറ്റിദ്ധാരണകൾ, തട്ടിപ്പുകൾ എന്നിവ ഒഴിവാക്കുന്നതിന് ഇന്റഗ്രേറ്റഡ് പോർട്ടൽ വഴി സാധിക്കുമെന്നും മന്ത്രി പറഞ്ഞു.

ഫ്ളാറ്റുകളിൽ താമസിക്കുന്നവരുടെ ഭൂമിക്ക് ആനുപാതികമായി അൺ ഡിവൈഡഡ് ഷെയർ എന്ന നിലയിൽ ഫ്ളാറ്റിന്റെ സ്ക്വയർ ഫീറ്റിനു തുല്യമായ ഭൂമിയ്ക്ക് അവകാശം ലഭിക്കുന്ന വിധത്തിൽ തണ്ടപ്പേർ നൽകുന്നതിനു നടപടി സ്വീകരിച്ചു വരികയാണ് എന്ന് മന്ത്രി അറിയിച്ചു. കഴിഞ്ഞ മൂന്നു വർഷം കൊണ്ട് ഒരു ലക്ഷത്തി 80887 പട്ടയങ്ങൾ വിതരണം ചെയ്തതായും രാജൻ അറിയിച്ചു.

✪✪✪

സംസ്ഥാനങ്ങൾക്കു നൽകുന്ന ധനവിഹിതത്തിലെ അസന്തുലിതാവസ്ഥ ഇല്ലാതാക്കി ഫെഡറൽ സംവിധാനത്തെ അംഗീകരിക്കാൻ കേന്ദ്രഗവൺമെന്റ് തയാറാകണമെന്ന് തിരുവനന്തപുരത്ത് നടന്ന വിവിധ സംസ്ഥാനങ്ങളിലെ ധനകാര്യ മന്ത്രിമാരുടെ കോൺക്ലേവ് ആവശ്യപ്പെട്ടു. ഇതിനായി യോജിച്ച പ്രവർത്തനങ്ങൾ നടത്താനും കേന്ദ്ര ധനകാര്യ കമ്മീഷനുമായി ചർച്ചകൾ തുടരാനും കോൺക്ലേവ് തീരുമാനിച്ചു.

✪✪✪

BJP യുടെ മുതിർന്ന നേതാവും മുൻ സംസ്ഥാന സംഘടനാ ജനറൽ സെക്രട്ടറിയുമായിരുന്ന P.P.മുകുന്ദന്റെ ഒന്നാം ചരമവാർഷികദിനമായ ഇന്ന് രാവിലെ കോഴിക്കോട്ട് "വന്ദേമുകുന്ദം" പരിപാടി സംഘടിപ്പിക്കും. ഗോവ ഗവർണർ P.S ശ്രീധരൻ പിള്ള ഉദ്ഘാടനം ചെയ്യും.

മികച്ച സേവന പ്രവർത്തകർക്ക് നൽകുന്ന P.P മുകുന്ദൻ പ്രഥമ സേവാ പുരസ്കാരം കേന്ദ്ര സഹ മന്ത്രി സുരേഷ് ഗോപിക്ക് ഗോവ ഗവർണ്ണർ സമ്മാനിക്കും.

✪✪✪

കണ്ണൂരിൽ നടക്കുന്ന PP മുകന്ദൻ അനുസ്മരണ സമ്മേളനം രാവിലെ ചേംബർ ഹാളിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യും. BJP ദേശീയ നിർവ്വാഹക സമിതിയംഗം P.K. കൃഷ്ണദാസ് അനുസ്മരണ പ്രഭാഷണം നടത്തും.

✪✪✪

സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും വാർഡുകളുടെ എണ്ണം പുനർനിശ്ചയിച്ച് ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചു. മുനിസിപ്പാലിറ്റികളിൽ 128 വാർഡുകളും, കോർപ്പറേഷനുകളിൽ ഏഴ് വാർഡുകളും വർധിച്ചു .

പുതുക്കിയ കണക്കനുസരിച്ച് തിരുവനന്തപുരം കോർപ്പറേഷനിൽ 101 ഉം, കൊല്ലത്ത് 56 ഉം, കൊച്ചിയിൽ 76 ഉം, തൃശൂരിൽ 56 ഉം, കോഴിക്കോട് 76 ഉം, കണ്ണൂരിൽ 56 ഉം വാർഡുകളുണ്ടാകും.

87 മുനിസിപ്പാലിറ്റികളിലെ നിലവിലെ 3,113 വാർഡുകളുടെ എണ്ണം 3,241 ആയി വർദ്ധിക്കും. 2011 ലെ സെൻസസ് ജനസംഖ്യ അടിസ്ഥാനമാക്കിയാണ് വാർഡുകളുടെ എണ്ണം പുതുക്കിയത്.

മുനിസിപ്പാലിറ്റികളിൽ ഏറ്റവും കുറഞ്ഞത് 26 ഉം, കൂടിയത് 53 ഉം വാർഡുകളുമുണ്ടാകും. കോർപ്പറേഷനുകളിൽ കുറഞ്ഞ വാർഡുകളുടെ എണ്ണം 56 ഉം കൂടിയത് 101 ഉം ആണ്. സ്ത്രീകകളുടേയും , പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാരുടെയും സംവരണ വാർഡുകളുടെ എണ്ണവും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ത്രിതലപഞ്ചായത്തുകളിലെ വാർഡുകളുടെ എണ്ണം പുനർനിശ്ചയിച്ച് നേരത്തെ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു.

ആകെ 19,950 വാർഡുകളാണ് ത്രിതല പഞ്ചായത്തുകളിൽ ഉണ്ടാകുക. ഇതോടെ സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളിലെ ആകെ വാർഡുകളുടെ എണ്ണം 23,612 ആകും. നിലവിലിത് 21,900 ആണ്.

✪✪✪

സംസ്ഥാനത്തെ തദ്ദേശ ഭരണസ്ഥാപന തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു വാർഡുകളുടെ അതിർത്തികൾ പുനർനിർണയിച്ചു തദ്ദേശസ്ഥാപനങ്ങളുടെ ഡിജിറ്റൽ ഭൂപടം തയ്യാറാക്കാനും ആവശ്യമായ സാങ്കേതികസഹായം

ലഭ്യമാക്കാനും നോഡൽ ഏജൻസിയായി ഇൻഫർമേഷൻ കേരള മിഷനെ ചുമതലപ്പെടുത്തി ഗവൺമെന്റ് ഉത്തരവിട്ടു. ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ ക്യു ഫീൽഡ് ആപ്പാണ് ഇതിന് ഉപയോഗിക്കുക.

ഡീലിമിറ്റേഷൻ നടപടിക്രമങ്ങളും GIS അധിഷ്ഠിത വാർഡ് മാപ്പിംഗും പൂർത്തിയായിക്കഴിഞ്ഞാൽ ലഭ്യമായ ഡാറ്റയും മാപ്പുകളും ഗവൺമെന്റ് ആവശ്യങ്ങൾക്കായി തദ്ദേശ ഭരണ വകുപ്പിൽലഭ്യമാക്കണമെന്നും ഉത്തരവിൽ അറിയിച്ചു

✪✪✪

ഭിന്നശേഷി വിഭാഗങ്ങൾക്ക് വരുമാനവും  തൊഴിലും ലഭിക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമെന്ന് മന്ത്രി വി എൻ വാസവൻ പറഞ്ഞു.

കേരളാ ഫെഡറേഷൻ ഓഫ് ദ  ബ്ളൈന്റ് കോട്ടയം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നിർദ്ധനരായ 100 കുടുംബ  ങ്ങൾക്ക് ഓണക്കോടിയും ഓണക്കിറ്റും വിതരണം ചെയ്യുന്ന പരിപാടി ഏറ്റുമാനൂരിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

സംസ്ഥാനത്തിന്റെ  കായിക അടിസ്ഥാന സൗകര്യ വികസനത്തിൽ കുതിച്ചുച്ചാട്ടം സാധ്യമാക്കുന്നതിനും കായിക മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ടാണ്  ഗവണ്മെന്റ് പ്രവർത്തിക്കുന്നതെന്ന്  മന്ത്രി V അബ്ദുറഹിമാൻ  പറഞ്ഞു. കാസർകോട് കുറ്റിക്കോൽ ഗവൺമെന്റ് ഹൈസ്കൂളിൽ കളിസ്ഥലത്തിന്റെ നിർമ്മാണ പ്രവൃത്തി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കാലിക്കറ്റ് സർവകലശാലയിലെ കോളജുകളിൽ കായിക ഇനങ്ങളുമായി ബന്ധപ്പെട്ട് സ്പോർട്സ് എൻജിനീയറിങ്, MBA,  സ്പോർട്സ് സയൻസ് തുടങ്ങിയ വിഷയങ്ങളിൽ നൂതന  കോഴ്സുകൾ  ആരംഭിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

✪✪✪

ISL ഫുട്ബോൾ പതിനൊന്നാം സീസണ് ഇന്ന് കൊൽക്കത്തയിൽ തുടക്കമാവും. ഉദ്ഘാടന മത്സരത്തിൽ വൈകിട്ട് ഏഴരയ്ക്ക് നിലവിൽ  ചാമ്പ്യൻമാരായ മുംബൈ സിറ്റി F.C., -  മോഹൻബഗാനെ നേരിടും.

ആദ്യ കിരീടം ലക്ഷ്യമിടുന്ന കേരള ബ്ലാസ്റ്റേഴ്സ് മറ്റന്നാൾ പഞ്ചാബ് FC യുമായി ഏറ്റുമുട്ടും.

പതിമൂന്ന് ടീമുകളാണ് ഇത്തവണ മത്സരിക്കുന്നത്. കൊൽക്കത്ത മുഹമ്മദൻസ് സ്പോർട്ടിങ് ക്ലബ് ഈ വർഷത്തെ നവാഗത ടീമാണ്.

✪✪✪

കേരള ക്രിക്കറ്റ് ലീഗിൽ കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനും ആലപ്പി റിപ്പിൾസിനും ജയം. തിരുവനന്തപുരത്ത് ഇന്നലെ നടന്ന രണ്ടാം മത്സരത്തിൽ കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസ് കൊച്ചി ബ്ലൂ ടൈഗേഴ്സിനെ മൂന്ന് വിക്കറ്റിന് പരാജയപ്പെടുത്തി.

ആദ്യമത്സരത്തിൽ ആലപ്പി റിപ്പിൾസ് 52 റൺസിനാണ് അദാനി ട്രിവാൻഡ്രം റോയൽസിനെ തോൽപ്പിച്ചത്.

✪✪✪

ഡയമണ്ട് ലീഗ് ഫൈനൽ പോരാട്ടങ്ങൾക്ക് ബെൽജിയത്തിലെ ബ്രസൽസിൽ ഇന്ന് തുടക്കമാകും. പാരീസ് ഒളിമ്പിക്സ് ജാവലിൻ ത്രോ വെള്ളി മെഡൽ ജേതാവ് നീരജ് ചോപ്രയും സ്റ്റീപ്പിൾ ചേസ് റണ്ണർ അവിനാഷ് സാബിളും ഫൈനലിൽ ഇന്ത്യയ്ക്കായി മത്സരിക്കും. അവിനാഷിന്റെ മത്സരം ഇന്നും നീരജിന്റെ മത്സരം നാളെയുമാണ് .

✪✪✪

വനിതാ കമ്മീഷൻ സംഘടിപ്പിച്ച എറണാകുളം ജില്ലാതല സിറ്റിങ്ങിൽ 155 പരാതികൾ പരിഗണിച്ചതിൽ 27 പരാതികൾ പരിഹരിച്ചു. 10 കേസുകൾ റിപ്പോർട്ടിനായി അയച്ചു. ഒരു പരാതി ജില്ല നിയമസഹായ അതോറിറ്റിയുടെ പരിഗണനയ്ക്കു വിട്ടു.

വനിതാ കമ്മീഷൻ അധ്യക്ഷ പി. സതീദേവി അദാലത്തിന് നേതൃത്വം നൽകി.

✪✪✪